**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: **25/02/2022**

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – പുകപരിശോധന സർട്ടിഫിക്കറ്റ് (PUCC) നൽകുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് – നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്

സൂചന :- 1.ബഹു.ഗതാതവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.09.2021 -ന് കൂടിയ യോഗത്തിന്റെ മിനിട്ട്സ്
2.19/11/2021 ലെ B2/173/2019-ഗതാ. നമ്പർ സർക്കാർ കത്ത്

വാഹനങ്ങളുടെ പുകപരിശോധന കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുമ്പോഴും പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോഴും ശ്രദ്ധിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

i. പുകപരിശോധനാ സെന്ററുകളിലെ ടെക്നിഷ്യൻമാരുടെ യോഗ്യത സംബന്ധിച്ച് 21.11.2021 ലെ GO(Rt) No. 41/2021/Tran എന്ന ഉത്തരവ് കർശനമായി പാലിക്കേണ്ടതാണ്

ii. PUC ഉപകരണങ്ങൾ 4 മാസത്തിലൊരിക്കൽ calibration നടത്തണമെന്നും ഇത് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനനടത്തി parivahan software-ൽ approve ചെയ്യണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ സ്ഥാപന ഉടമകൾ upload ചെയ്യുന്ന calibration certificate കൾ വകുപ്പിലെ ഉദ്യോഗസ്ഥർ സമയബന്ധിതമായി പരിശോധനനടത്തി approve ചെയ്യുന്നില്ല എന്ന പരാതികൾ ലഭിക്കുകയുണ്ടായി. ആയതിനാൽ PUCC സ്ഥാപന ഉടമകൾ calibration നടത്തി upload ചെയ്യുന്ന രേഖകൾ വകുപ്പിലെ ഉദ്യോഗസ്ഥർ ആവശ്യമായ പരിശോധനകൾ നടത്തി 48 മണിക്കൂറിനകം തന്നെ parivahan software വഴി approve ചെയ്യുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ 48 മണിക്കൂറിനകം approve ചെയ്യുകയോ നിരസിക്കുകയോ ചെയ്യാത്ത അപേക്ഷകൾ approve ചെയ്തതായി കണക്കാക്കാവുന്നതാണ്. എന്നാൽ തുടർ പരിശോധനയിൽ approve ചെയ്യാൻ കഴിയാത്തവയാണെന്ന് കണ്ടെത്തുന്ന അപേക്ഷകൾ parivahan software വഴി നിരസിക്കേണ്ടതാണ്.

iii. PUCC ഉപകരണങ്ങൾ 4 മാസത്തിലൊരിക്കൽ calibrate ചെയ്യണമെന്നും ഇത്

parivahan software വഴി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ approve ചെയ്യണമെന്നും വ്യവസ്ഥയുള്ളതിനാൽ ടി ഉപകരണങ്ങൾക്ക് AMC നിർബന്ധമാക്കേണ്ട എന്ന് 05.09.2019-ലെ MIT3/23155/TC/2014 നമ്പർ നിർദ്ദേശം പാലിക്കേണ്ടതാണ്.

iv. പെട്രോൾ പമ്പുകളോട് ചേർന്ന് പുക പരിശോധന കേന്ദ്രം ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചാൽ അവയ്ക്ക് PESO -യുടെ അനുവാദം (NOC) ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

Digitally signed by M R AJITHKUMAR IPS
Date:Fri Feb 25 11:29:26 IST 2022
Reason: Approved

M R Ajithkumar Ips
Transport Commissioner

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in